പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.631** 1-12-2015 ൽ മറുപടിക്ക്

**ഗ്രാമജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ കെൽട്രോൺ മുഖേന എൽ. എ. സി. - എ. ഡി. എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമജ്യോതി രണ്ടാം ഘട്ട പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ തടസ്സമെന്ത് എന്നത് വ്യക്തമാക്കുമോ ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | 7.8.15 ന് സർക്കാർ ധനകാര്യ ഇൻഡസ്ട്രീസ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കാർ അക്രഡിറ്റഡ് ഏജൻസി സംബന്ധിച്ച ഉത്തരവിൽ കെൽട്രോൺ പരിഗണിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കെൽട്രോണിനെ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പരിധിയിൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ പരിഗണിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>30..07..2014 ലെ സ.ഉ (പി) നമ്പർ 311/2014/ധന. പ്രകാരം പൊതുമരാമത്ത് വകുപ്പല്ലാതെ മറ്റ് ഏജൻസികൾ മുഖേന സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 07..08..2015 ലെ 339/2015/ധന. ഉത്തരവിലൂടെ PWD/CPWD/Other cost effective methods പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന വിവിധ ഏജൻസികളെ അക്രഡിറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെൽട്രോൺ സംസ്ഥാന സർക്കാരിനുവേണ്ടി മേൽ പ്രകാരം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനമല്ല. ആയതിനാൽ കെൽട്രോണിനെ ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ഗ്രാമജ്യോതി പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ ഹൈമാസ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്താവുന്ന അക്രഡിറ്റഡ് ഏജൻസികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ ? | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ